## പതിനാലാം കേരളനിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 2015 — 05.12.2018-ൽ മറുപടിക്ക്

### പ്രളയത്തെ തുടർന്നുണ്ടായ പുനരധിവാസവും പുനർനിർമ്മാണവും

| ചോദ്യം<br>ശ്രീ.സി. കെ. ശശീന്ദ്രൻ | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) സംസ്ഥാനം കണ്ട സമാനതകളില്ലാത്ത പ്രളയത്തെ തുടർന്നുണ്ടായ പുനരധിവാസവും പുനർനിർമ്മാണവും വിജയകരമായി നടപ്പാക്കുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>(ബി) ഉണ്ടെങ്കിൽ ഏതു രൂപത്തിൽ നടത്താനാണ് ഉദ്ദേശിക്കുന്നത്; ഇല്ലെങ്കിൽ അത്തരത്തിലുള്ള ഏകോപനം നടത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ? | (എ) യും (ബി) യും<br>പ്രളയത്തിനുശേഷം സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനും പുനരധിവാസത്തിനുമായി കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative - RKI) എന്ന ഒരു ബൃഹത് പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ സമഗ്ര രൂപരേഖ 09.11.2018ലെ G.O.(P) No. 16/2018/P&EA ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ പ്രളയത്തിൽ തകർന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ റോഡുകൾ, വീടുകൾ, ജനങ്ങളുടെ ജീവനോപാധികൾ, പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ, പാലങ്ങൾ, സർക്കാർ കെട്ടിടങ്ങൾ, മറ്റു പൊതു കെട്ടിടങ്ങൾ, ജലവിതരണം, മലയോര വികസനം, മത്സ്യ തൊഴിലാളികളുടെ പുനരധിവാസം എന്നിവയും, കൂടാതെ പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള വികസന പദ്ധതികളായ കുട്ടനാട് വികസനം, നദീതടങ്ങളുടെ സംരക്ഷണം, കടൽ തീരങ്ങളുടെ സംരക്ഷണം, കനാലുകളുടെ നവീകരണം, ഉരുൾപൊട്ടൽ മേഖലകളിൽ നിന്നുള്ള ജനങ്ങളുടെ മാറ്റിപാർപ്പിക്കൽ, എറണാകുളം-കൊച്ചി വ്യാവസായിക-വാണിജ്യ കേന്ദ്രമായി വികസിപ്പിക്കൽ, തിരുവനന്തപുരം-കോഴിക്കോട് നഗരങ്ങളുടെ സമഗ്ര വികസനം, പതിനാല് ജില്ലകളിലും ഭാവികേരളത്തെ അടയാളപ്പെടുത്തുന്ന പദ്ധതികൾ, തുടങ്ങിയവയെല്ലാം ഉൾപ്പെടുന്നു. വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടിയുള്ള പ്രവർത്തനമാണ് കേരള പുനർനിർമ്മാണ പദ്ധതി (RKI) യിലൂടെ നടത്താൻ ഉദ്ദേശിക്കുന്നത്.<br><br>RKI നിർവ്വഹണത്തിനും മേൽനോട്ടത്തിനുമുള്ള വകുപ്പുതല ക്രമീകരണം താഴെപ്പറയും പ്രകാരമാണ്.<br><br>RKIയുടെ കീഴിൽ ഏറ്റെടുക്കുന്ന വിവിധ പദ്ധതിപാക്കേജുകൾ ബന്ധപ്പെട്ട വകുപ്പുകളും |

ഏജൻസികളും വഴിയാകും നടപ്പാക്കപ്പെടുക. ഇവയിൽ ആസ്തികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ വകുപ്പുകൾക്കോ അവയുടെ ഏജൻസികൾക്കോ നേരിട്ട് നടത്താനാകും. മറ്റു ചില നിർമ്മാണ പാക്കേജുകൾ, പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കേണ്ട പദ്ധതികളാണെന്നു വരികിൽ ബന്ധപ്പെട്ട വകുപ്പുകൾക്ക് SPV രൂപീകരിച്ച് നടപ്പാക്കാവുന്നതുമാണ്.

ഓരോ വകുപ്പുതല സമിതിയിലും ചെയർപേഴ്സണായി ബന്ധപ്പെട്ട വകുപ്പ സെക്രട്ടറിയുണ്ടാകും. പുറമേ വകുപ്പ മേധാവിയും നിർവ്വഹണ ഏജൻസി (ഉണ്ടെങ്കിൽ) മേധാവിയും ചീഫ് എഞ്ചിനീയറും പ്ലാനിങ്/ഇൻഫ്രാസ്ട്രക്ചർ ചുമതലക്കാരായ രണ്ട് ഓഫീസർമാർ അഥവാ ബന്ധപ്പെട്ട വകുപ്പിലെ രണ്ടോ മൂന്നോ ചീഫ് എഞ്ചിനീയർമാർ, പ്രസ്തുത കാറ്റഗറിയിലുൾപ്പെടുന്നവരില്ലെങ്കിൽ വകുപ്പ തലത്തിൽ നിർദ്ദേശിക്കുന്ന സീനിയർ ഓഫീസർമാർ എന്നിവരാണ് ഉണ്ടാവുക. വകുപ്പുതല സമിതിയുടെ ഘടന താഴെപ്പറയും പ്രകാരമാണ്.

1. വകുപ്പ സെക്രട്ടറി
2. വകുപ്പ മേധാവി/ഇതിനായി നാമനിർദ്ദേശം ചെയ്യുന്ന ചീഫ് എഞ്ചിനീയർ
3. ബന്ധപ്പെട്ട വകുപ്പിലെ പ്ലാനിങ്/ ഇൻഫ്രാസ്ട്രക്ചർ ചുമതലക്കാരായ രണ്ട് ഓഫീസർമാർ അഥവാ വകുപ്പിനു കീഴിലുള്ള രണ്ടോ അധികമോ ചീഫ് എഞ്ചിനീയർമാർ അതുമല്ലെങ്കിൽ വകുപ്പുതലത്തിൽ നിർദ്ദേശിക്കുന്ന സീനിയർ ഓഫീസർമാർ

മറ്റ് ഏതെങ്കിലും വകുപ്പ് RKI-യുമായി പദ്ധതി നിർവ്വഹണത്തിന് കൂട്ടു ചേരുന്നുണ്ടെങ്കിൽ അവിടെയും മേൽപ്പറഞ്ഞ ഘടനയിലുള്ള വകുപ്പുതല സമിതി രൂപീകരിക്കുന്നതാണ്. അംഗീകൃത പദ്ധതികളുടെ നിർവ്വഹണവും മേൽനോട്ടവും ഏകോപനവും നടത്തുന്നതിനായി RKI നിർവ്വഹണസമിതിയുമായി ചേർന്ന് പ്രവർത്തിക്കുകയാണ് വകുപ്പുതല സമിതിയുടെ ധർമ്മം.

**സെക്ഷൻ ഓഫീസർ**